*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 49 A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**സെപ്തംബർ 2, 2023**

# ബാംഗ്ലൂരിലേക്കുള്ള സ്വകാര്യ സന്ദർശനങ്ങൾ

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ജഗന്നാഥ റാവു നായിഡു താമസിച്ചിരുന്നത് നാരായണ ശർമ്മയുടെ ഭവനത്തിന്റെ എതിരെയാണ്. തന്റെ ബാബയുമായുള്ള ആദ്യത്തെ കൂടിക്കാഴ്ച അദ്ദേഹം താഴെപ്പറയുന്ന വിധം സ്മരിക്കുന്നു. ഇത് ജഗന്നാഥ റാവുവിന്റെ വിവരണത്തിൽ നിന്നാണ്.

Old & Rare photo - Young Sri Sathya Sai Baba giving Amrit (Nectar) materialized by Him.




"ഒരു വൈകുന്നേരം, ഏതാണ്ട് 16 വയസ്സുള്ള ഒരു ആൺകുട്ടി എന്റെ മേലുദ്യോഗസ്ഥനായ നാരായണ ശർമ്മയുടെ വീട്ടിൽ നിന്നിറങ്ങി ഒരു കാറിൽ കയറുന്നതിന്റെ ഒരു ക്ഷണിക ദർശനം എനിക്ക് കിട്ടി. അയൽവാസികളുടെ ഒരു വിധം നല്ല ആൾക്കൂട്ടമുണ്ടായിരുന്നു അവിടെ. ഇത്രമാത്രം ആളുകളെ തന്നിലേക്ക് ആകർഷിക്കത്തക്ക ശക്തമായ വ്യക്തിപ്രഭാവമുള്ള ആ ശ്രേഷ്ഠവ്യക്തിത്വത്തെ അറിയുവാനുള്ള ഞങ്ങളുടെ ആഗ്രഹം കലശലായി.

അദ്ദേഹം പോയതിനുശേഷം ഞങ്ങൾ നാരായണ ശർമ്മയോട് അദ്ദേഹത്തെപ്പറ്റി തിരക്കി. ശർമ്മ അദ്ദേഹത്തെക്കുറിച്ച് എന്നോടു പറഞ്ഞു. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ 'സായി ബാബ' എന്നാണ് വിളിക്കുന്നത് എന്നും, അദ്ദേഹം ബാംഗ്ലൂരിൽ ഉസൂരി(Ulsoor)ലുള്ള ജനഗം സുബ്ബ റെഡ്ഡി കൗൾട്രി കൺവൻഷൻ ഹാളിലാണ് താമസിക്കുന്നത് എന്നും, ഏതാനും ദിവസങ്ങളിലേക്ക് അവിടെയുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

എന്റെ സഹോദരഭാര്യയായ നാഗ രത്നമ്മയ്ക്ക് കഠിനമായ ആസ്ത്മയുണ്ടായിരുന്നു, സദാ രോഗിയായിരുന്നു അവൾ. ബാബയോട് അവളെ സുഖപ്പെടുത്താൻ ആവശ്യപ്പെടുന്നത് വിവേകമാവുമെന്ന് ഞാൻ ചിന്തിച്ചു. അതുപ്രകാരം ഞാൻ എന്റെ അളിയനായ വി. നരസിംഹറാവു നായിഡുവിനെ വിവരമറിയിച്ചു. ഞാനും എന്റെ അളിയനും കൂടി കൗൾട്രിയിലേക്ക് ചെന്ന് ബാബയെ ഞങ്ങളുടെ വീട്ടിലേക്ക് വരുന്നതിനായി ക്ഷണിക്കണമെന്നും, ആ സമയത്ത് രോഗസൗഖ്യത്തിനായി അവിടുന്നിനോട് അപേക്ഷിക്കാമെന്നും എന്റെ ഭാര്യ നിർദ്ദേശിക്കുകയുണ്ടായി. ഞങ്ങളാ സ്ഥലത്ത് എത്തുമ്പോഴേക്ക് ഭജന കഴിഞ്ഞ് ബാബ വിശ്രമത്തിലായിരുന്നു. അതിനാൽ ഞങ്ങൾ അന്നു രാത്രി ആ സത്രത്തിൽ തങ്ങി.




പിറ്റേന്നു രാവിലെ, ബാബ ഹാളിലേക്ക് വരുന്നതും കാത്ത് ഞങ്ങളിരുന്നു. ബാബ എത്തിയപ്പോൾ ഭക്തർ ഊഴം വച്ച് അവരുടെ ആദരം അർപ്പിക്കുകയായിരുന്നു. ബാബയെ ഉച്ചഭക്ഷണത്തിനായി ഞങ്ങളുടെ വീട്ടിലേക്ക് ക്ഷണിക്കുന്നതിന് ഒരു അവസരം ഞങ്ങൾക്ക് കിട്ടി. അവിടുന്ന് ഞങ്ങളുടെ വിലാസം വാങ്ങി, ഉച്ചയ്ക്ക് വരാമെന്ന് ഉടനെ സമ്മതിച്ചു. ഞങ്ങൾ ഉടൻതന്നെ വീട്ടിലേക്ക് മടങ്ങി അവിടുന്നിനെ സ്വീകരിക്കുന്നതിന് ഒരുങ്ങാനായി മറ്റുള്ളവരോട് പറഞ്ഞു, ഉച്ചയ്ക്ക് ഞങ്ങൾക്കൊപ്പം കൂടുന്നതിന് മറ്റ് കുടുംബാംഗങ്ങളെയും ക്ഷണിക്കുകയുണ്ടായി.

ഉച്ചയ്ക്ക് 1.00 മണിക്കോ 2.00 മണിക്കോ നാരായണശർമ്മ, ബാബയുടെ മുൻ ആതിഥേയനായ ശ്രീനിവാസ റെഡ്ഡിക്കും മറ്റ് കുറച്ചു ഭക്തർക്കുമൊപ്പം ബാബയെ ഞങ്ങളുടെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ഉച്ചയൂണ് ഏർപ്പാടാക്കിയിരുന്നു, എല്ലാവരും കഴിക്കാനി

രുന്നു. എന്റെ അമ്മ ഒന്നിനു പുറകെ ഒന്നായി വിഭവങ്ങൾ ധൃതിയിൽ വിളമ്പി, പക്ഷേ ഒരു വിഭവം വിളമ്പാൻ മറന്നുപോയി.

“എന്ത്!” സ്വാമി പറഞ്ഞു, “നീ ഒരു വിഭവം കൊണ്ടുവന്നില്ലല്ലോ?”

എന്റെ അമ്മ ഇത്തിരി അമ്പരന്നു. അവർ ആഹാരസാധനങ്ങളെല്ലാം പരിശോധിച്ചു, ശരിയാണ്, ഒരു വിഭവം നിശ്ചയമായും മറന്നിരിക്കുന്നു!

ആ വിഭവവും കൊണ്ടുവന്ന് വിളമ്പി. കുറച്ചു പേർക്കുള്ള ഭക്ഷണമേ തയ്യാറാക്കിയിരുന്നുള്ളൂ എങ്കിലും, എല്ലാ അതിഥികൾക്കും അത് തികഞ്ഞു. ഉച്ചയൂണിനു ശേഷം ബാബ കുറച്ചു നേരം വിശ്രമിച്ചു, അതിനു ശേഷം ഞങ്ങൾ എന്റെ സഹോദരഭാര്യയുടെ ആസ്ത്മയെക്കുറിച്ച് ബാബയോട് പറഞ്ഞു.

അവിടുന്ന് പറഞ്ഞു, “നമുക്ക് നോക്കാം!”

അവിടുന്ന് പോകുന്നതിനു മുമ്പ്, നരസിംഹ റാവു ബാബയെ അവരുടെ ഭവനം സന്ദർശിക്കുന്നതിനായി ക്ഷണിക്കുകയുണ്ടായി, ബാബ ആ ക്ഷണം ഉടനടി സ്വീകരിച്ചു. നോക്കൂ, സ്വാമി ഏതാണ്ടെല്ലാവരെയും എപ്രകാരമാണ് അനുഗ്രഹിച്ചതെന്ന്! അതെ!

പിന്നെ സംഭവിച്ചതിതാണ്, പിറ്റേ ദിവസം അവിടുന്ന് ചാമരാജപേട്ട് 4-ാം മെയിൻ റോഡിലുള്ള നരസിംഹ റാവുവിന്റെ ഭവനം സന്ദർശിച്ചു. ബാബ അടുത്ത ദിവസം കൂടി അവിടെ തങ്ങണമെന്നും ആ വൈകുന്നേരത്ത് ഭജൻ നടത്താമെന്നും നരസിംഹ റാവു അപേക്ഷിക്കുകയുണ്ടായി. ബാബ ആ ശുപാർശയോട് യോജിച്ചു. ഭജൻവേളയിൽ ബാബ നിരവധി ഭജനുകൾ പാടി, എല്ലാവരും ഒരുമിച്ച് ഏറ്റുപാടി. എന്റെ ഭാര്യയാണ് ഹാർമോണിയം വായിച്ചത്. ഇവിടെവച്ച് വീണ്ടും എന്റെ സഹോദരഭാര്യയുടെ ആരോഗ്യത്തെക്കുറിച്ച് ബാബയോട് പറയാൻ ഞങ്ങൾക്ക് അവസരം കിട്ടി.

ബാബയുടെ പ്രതികരണം പഴയതുതന്നെ ആയിരുന്നു, “നമുക്ക് നോക്കാം!”

ഭജനയ്ക്കു ശേഷം അവിടുന്ന് രാത്രി വിശ്രമത്തിന് പോയി.

അടുത്ത ദിവസം അവിടുന്ന് പോകുന്നതിനു മുമ്പ്, അവിടുന്ന് കുറച്ച് വിഭൂതി എന്റെ സഹോദരഭാര്യയുടെ കൈവശം നൽകി, കുറച്ച് അവളുടെ ശിരസ്സിലും ബാക്കി കഴിക്കുന്നതിനും നിർദ്ദേശിച്ചു. അവളുടെ ആരോഗ്യത്തിന് കുറച്ച് പുരോഗതിയുണ്ടായി. അവിടുന്ന് 2 -3 ദിവസം അവിടെ തങ്ങിയിട്ട് പുട്ടപർത്തിക്ക് തിരിച്ചുപോയി. പോവുന്നതിനു മുമ്പ്, അവിടുന്ന് വീണ്ടും വരുമെന്ന് അവിടുന്ന് ഞങ്ങൾക്ക് ഉറപ്പു നൽകുകയുണ്ടായി.

ഒരു മാസത്തിനു ശേഷം, ഞങ്ങളുടെ ക്ഷണപ്രകാരം ബാബ വീണ്ടും ഞങ്ങളുടെ ഭവനം സന്ദർശിച്ചു, ഇത്തവണ കർണം സുബ്ബമ്മയ്ക്കൊപ്പമായിരുന്നു. ഞങ്ങളുടെ ഭവനത്തിൽ അൽപം ഭക്ഷണം കഴിച്ചതിനു ശേഷം, അവിടുന്ന് ഏതാണ്ട് 10 ദിവസം നരസിംഹ റാവുവിനൊപ്പം തങ്ങുന്നതിനായി പോയി. എല്ലാ ദിവസവും ഭജന നടത്തുന്നതിന് സ്വാമി അദ്ദേഹത്തിന് നിർദ്ദേശം നൽകി. 6.30 മുതൽ 9.00 വരെയായിരുന്നു ഞങ്ങളുടെ ഭജന, സ്വാമിയും അതിൽ പാടുമായിരുന്നു!

തുടർന്ന്, ശനിയാഴ്ച വൈകുന്നേരത്ത് ആരംഭിച്ച് ഞായറാഴ്ച രാത്രിയിൽ അവസാനിക്കുന്ന തരത്തിൽ, 24 മണിക്കൂർ അഖണ്ഡ ഭജന തുടങ്ങുകയുണ്ടായി. സാധാരണയായി സ്വാമിയുടെ സന്ദർശനം ഒരാഴ്ചയോ അഥവാ 10 ദിവസമോ നീണ്ടുനിന്നു. അവിടുന്ന് തിരിച്ചു പോവുന്നതിന് ഒരു ദിവസം മുമ്പ്, അവിടുന്ന് വീണ്ടും ഒരു അഖണ്ഡ ഭജന ഏർപ്പാടാക്കും-വൈകുന്നേരം മുതൽ പിറ്റേന്ന് കാലത്തു വരെ. ദിവസേനയുള്ള ഭജനുകൾ അയൽവാസികളെയും സുഹൃത്തുക്കളെയും ആകർഷിച്ചു.
ഇക്കാലത്താണ് വി.എസ്. തിരു വെങ്കടസ്വാമി മുതലിയാരുടെ പത്നിയായ കമലാ ബായി, അവരുടെ മരുമകനായ തിരുമല റാവു, അദ്ദേഹത്തിന്റെ പത്നിയായ പുഷ്പ കാന്തി, ക്യാപ്റ്റൻ തങ്കവേലു മുതലിയാർ, എക്സൈസ് കമ്മീഷണർ നവനീതം നായിഡു കുടുംബം, നഴ്സറി പ്രൊപൈറ്ററായ ജയറാം, അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ബന്ധുക്കളും ഒക്കെ അഖണ്ഡ ഭജനയിൽ പങ്കു കൊണ്ടത്. ഭക്തർ ധാരാളം പൂക്കൾ കൊണ്ടുവരും, കെ.ആർ.മാർക്കറ്റിലെ ഏതാനും പൂക്കച്ചവടക്കാർ പൂക്കളും പഴങ്ങളുമായി സന്ദർശനം നടത്തും. ഭക്തരിൽനിന്ന് ലഭിക്കുന്ന പഴങ്ങളൊക്കെ മുറിച്ച് പ്രസാദമായി വിതരണം ചെയ്യപ്പെടും.
1944-ൽ ബാബ നരസിംഹ റാവുവിന്റെ വീട്ടിൽ വച്ച് എന്റെ മകൻ ഹരിനാദിന്റെ അക്ഷരാഭ്യാസം നിർവഹിച്ചു. തദവസരത്തിൽ, അവിടുന്ന് എനിക്കായി ഒരുവശത്ത് ഷിർദ്ദി സായി ബാബയുടെയും മറുവശത്ത് ഹനുമാന്റെയും ചിത്രമുള്ള ഒരു പതക്കം സൃഷ്ടിച്ചു തരികയുണ്ടായി. കുടുംബത്തിന്റെ അപേക്ഷ പ്രകാരം ബാബ രണ്ടു മാസത്തിലൊരിക്കൽ ബാംഗ്ലൂർ സന്ദർശിക്കുകയും നരസിംഹ റാവുവിന്റെ വീട്ടിൽ താമസിക്കുകയും ചെയ്തു. അവിടുന്ന് ബാംഗ്ലൂരിലുള്ളപ്പോൾ ദിവസവുമുള്ള ഭജന തുടർന്നു.

എക്സൈസ് കമ്മീഷണർ നവനീതം നായിഡുവിന്റെ ഭാര്യയും കുട്ടികളും ബാബയുടെ വലിയ ഭക്തരായിരുന്നു. എന്നാൽ ബാബയുടെ ചില രീതികൾ അദ്ദേഹത്തിന് ഇഷ്ടമില്ലാ

യിരുന്നു. ഒരവസരത്തിൽ, ചാമരാജപേട്ടിലെ വീട്ടിൽവച്ച് അവരൊരു ഭജന നടത്തി, അത് നടന്നുകൊണ്ടിരിക്കവെ, നവനീതം നായിഡു വെളിയിൽ ഇരുന്നു.
രാത്രി ഏതാണ്ട് 9.00 മണിക്ക് ബാബ നായിഡുവിന്റെ കുടുംബത്തിനൊപ്പം ഒരു മുറിയിൽ കയറിയിട്ട് കതക് പൂട്ടി. അവിടുന്ന് പാതിരാത്രിയോടെ കതകു തുറന്ന്, ഗാഢനിദ്രയിലായിരുന്നതുപോലെ പുറത്തു വന്നു.

വൈകിയതിന്റെ കാരണം ആളുകൾ അന്വേഷിച്ചപ്പോൾ, ബാബ മറുപടി പറഞ്ഞു, "ഞാൻ ബോംബെയിലെ ഒരു ആസ്പത്രിയിൽ ഒരു ശസ്ത്രക്രിയ നടത്താനായി പോയിരിക്കുകയായിരുന്നു!"




അക്കാലത്ത് ടെലിഫോണുണ്ടായിരുന്ന നവനീതം നായിഡു ബോംബെയിലെ ആ ആസ്പത്രിയിലേക്ക് ഉടനടി വിളിക്കുകയും, അതേ ആസ്പത്രിയിൽ ഒരു ശസ്ത്രക്രിയ അപ്പോൾ നടത്തപ്പെട്ടുവെന്നും രോഗിയെ വാർഡിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണെന്ന് കണ്ടെത്തുകയും ചെയ്തു. അന്നു മുതൽക്ക് നവനീതം നായിഡു ഒരു ഭക്തനായിത്തീർന്നു. അദ്ദേഹം തന്റെ ആദ്യത്തെ ഓമന വളർത്തുനായയെപ്പോലും ബാബയ്ക്ക് നൽകി, അത് പിൽക്കാലത്ത് സദാ ബാബയുടെ മടിത്തട്ടിൽ ആയിരുന്നു.

നരസിംഹ റാവു നായിഡുവിനെയും ജഗന്നാഥ റാവു നായിഡുവിനെയും ബാബ അവിടുത്തെ സുഹൃത്തുക്കളെപ്പോലെയായിരുന്നു പരിഗണിച്ചിരുന്നത്. ഒരിക്കൽ പുട്ടപർത്തിയിലേക്ക് തിരികെ പോവുമ്പോൾ, തന്നെ അനുഗമിക്കുന്നതിനായി ബാബ ഇരുവരോടും പറഞ്ഞു. അവർ ട്രെയിനിനാണ് വന്നത്, ഗുണ്ടക്കൽ പാസഞ്ചറിന്, എന്നിട്ട് പെനുക്കൊണ്ടയിൽ ഇറങ്ങി. അവിടെനിന്ന് അവർ ബുക്കപട്ടണത്തിലേക്ക് ഒരു ബസ്സ് പിടിച്ചു, പുട്ടപർത്തിയിലേക്ക് അവശേഷിക്കുന്ന യാത്ര കാൽനടയായും. അവർ സുബ്ബമ്മയുടെ ഭവനത്തിൽ അതിഥികളായി രണ്ടു ദിവസം താമസിച്ചു, ബാബ നേരത്തേതന്നെ അവിടെ തങ്ങുന്നുണ്ടായിരുന്നു.
പിറ്റേന്നു രാവിലെ ബാബ അവരെ ചിത്രാവതി നദിയിലേക്ക് കൂട്ടിക്കൊണ്ടുപോയിട്ട് ഒരടി താഴ്ചയുള്ള ഒരു കുഴി കുത്തി, വെള്ളം മണലിനടിയിൽക്കൂടി ഒഴുകുന്നത് കാട്ടിക്കൊടുക്കാൻ വേണ്ടി. വൈകുന്നേരം അവിടുന്ന് അവരെ അടുത്തുള്ള ജനകംപള്ളിയിലെയും ബുക്കപട്ടണത്തിലെയും വയലുകൾ കാട്ടിക്കൊടുത്തു. ബാബ ഒരു സുഹൃത്തും വഴികാട്ടിയുമായിരുന്നു.

വൈകുന്നേരത്ത്, അവിടുന്ന് അവരെ ഒരു ഭക്തന്റെ കരിമ്പിൻതോട്ടത്തിലേക്ക് കൊണ്ടുപോയി, അവിടെ ശർക്കര ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഓരോരുത്തർക്കും ഓരോ ഗ്ലാസ്സ് കരിമ്പിൻ ജ്യൂസ് കിട്ടി, രുചികരമായ ശർക്കരയും ആസ്വദിച്ചു അവർ. പിറ്റേന്നു രാവിലെ, അവർ രണ്ടുപേരും ബാംഗ്ലൂരിന് തിരിച്ചുപോയി. അവർ ബാബയെ ബാംഗ്ലൂർ നഗരം കാണിച്ചുകൊടുത്തിരുന്നതിനാൽ, ബാബയും അവരെ പുട്ടപർത്തിയുടെ പരിസരം കാണിച്ചുകൊടുക്കാൻ ആ അവസരം വിനിയോഗിച്ചു.

കരൂർ പുട്ടപർത്തിയിൽനിന്ന് 475 കി.മീ. അകലെയുള്ള തമിഴ് സംസാരിക്കുന്ന ഒരു ടൗണാണ്. കരൂരിലെ രാമലക്ഷ്മി ഭേദമാവാത്ത ഒരു തരം അലർജിയുടെ അസുഖം കൊണ്ട് കഷ്ടപ്പെടുകയായിരുന്നു. ഒരു രാത്രിയിൽ, അവൾക്ക് വിചിത്രമായ ഒരു സ്വപ്നമുണ്ടായി, അതിൽ ശിരസ്സിനു ചുറ്റും തീക്ഷ്ണ പ്രഭാവലയമുള്ള ഒരു ആൺകുട്ടി പ്രത്യക്ഷനായി, ഒരു ഭീമാകാരനായ സർപ്പത്തിന്റെ ചുറ്റിനു മേലാണ് അവൻ നിന്നിരുന്നത്. സ്വപ്നത്തിൽ, പുട്ടപർത്തിയിലേക്ക് വരുന്നതിന് അവിടുന്ന് അവളോട് ആവശ്യപ്പെട്ടു. നിരന്തരമായ അന്വേഷണത്തിനൊടുവിൽ പുട്ടപർത്തി എവിടെയാണെന്ന് അവൾ കണ്ടുപിടിച്ച് ആ സ്ഥലം സന്ദർശിച്ചു. തന്റെ സ്വപ്നത്തിൽ വന്ന അതേ ബാലനാണ് ബാബയെന്ന് അവൾ കണ്ടു.


സുബ്രഹ്മണ്യം ചെട്ടിയാർ-പാദുകോത്സവം

ബാബ അവളെ സ്വാഗതം ചെയ്തു. അവളുടെ ശമിക്കാത്ത രോഗം പെട്ടെന്ന് ഭേദമായി. അവളുടെ സഹോദരനായ മധുരയിലെ സുബ്രഹ്മണ്യം ചെട്ടിയാർ, ഏതാനും മാസങ്ങൾക്കകം ബാബയെ കാണാൻ അവൾക്കൊപ്പം വന്നു. അദ്ദേഹം വന്നത് തന്റെ ഭാര്യയ്ക്കും മറ്റ് 17 പേർക്കുമൊപ്പമാണ്. ബാബ ഒരു യുവബാലനായിരുന്നു, പക്ഷേ ചെട്ടിയാർക്ക് അവിടുത്തെ ദിവ്യത്വം ഏതാണ്ട് തൽക്ഷണം ബോധ്യപ്പെടുകയുണ്ടായി. സുബ്രഹ്മണ്യം ചെട്ടിയാർ പിൽക്കാലത്ത് സായി പാദുക ട്രസ്റ്റ് സ്ഥാപിക്കുകയുണ്ടായി.

ബാബയെ കാണാനുള്ള തങ്ങളുടെ കക്ഷികളുടെ സാംക്രമികമായ ഔൽസുക്യത്തിന് സാക്ഷികളായിട്ട്, പൂക്കൃഷിക്കാരും പൂക്കച്ചവടക്കാരും ബാബയുടെ സന്നിധിയിലേക്ക്

വന്നു. ബാംഗ്ലൂരിലെ പഴയ പൂമാർക്കറ്റിലെ നാരായണപ്പ അത്തരമൊരു പൂക്കച്ചവട ക്കാരനായിരുന്നു.

അദ്ദേഹം പിൽക്കാലത്ത് സ്മരിക്കുന്നു, "പ്രഫസർ സുബ്ബറാവു അദ്ദേഹത്തിന്റെ സഹോദ രിക്കൊപ്പം പാതാളമ്മൻ ടെമ്പിൾ സ്ട്രീറ്റിലായിരുന്നു താമസം. അവർ എല്ലാ ദിവസവും എന്റെയടുത്ത് വരുമായിരുന്നു!" ഇത് നാരായണപ്പയുടെ വിശദീകരണമാണ്, നിങ്ങൾ ശ്രദ്ധിച്ചുകാണും.

"അവർ ഏതാണ്ട് 10 ദിവസം പൂമാല വാങ്ങാൻ എന്റെയടുത്ത് വന്നു. അവരെന്നെ അവ രുടെ സ്ഥലത്തേക്ക് ക്ഷണിച്ചു, 'പുട്ടപർത്തിയിൽനിന്നുള്ള ഒരു കൊച്ചു പയ്യൻ ഒരു സ്വാമി യായിത്തീർന്നു, അവിടുന്ന് ഞങ്ങളുടെ ഭവനത്തിൽ തങ്ങുന്നുണ്ട്. താങ്കൾക്ക് എന്തു കൊണ്ട് വന്ന് അവിടുന്നിനെ കണ്ടുകൂടാ?' "

എനിക്ക് താത്പര്യം തോന്നി, ഞാൻ ഒരു മാലയുമെടുത്ത് അവർക്കൊപ്പം അവരുടെ കാറിൽ പോയി. ബാബ ഒരു കൊച്ചു മുറിയിലായിരുന്നു താമസം. ഞാൻ അവിടുന്നിനെ മാലയിട്ട് പാദനമസ്കാരം ചെയ്തു. ഞാൻ എണീറ്റപ്പോൾ, അവിടുന്ന് കരങ്ങൾ ചുഴറ്റി വിഭൂതി സൃഷ്ടിച്ചു, അതെന്റെ നെറ്റിമേൽ തൊട്ടു. ആ നിമിഷം ഒരു കാന്തം എന്നെ അവി ടുന്നിനു സമീപത്തേക്ക് പിടിച്ചടുപ്പിക്കുന്നതുപോലെ ആയിരുന്നു, ദുരൂഹമായ ഒരു ആകർഷണം സൃഷ്ടിച്ചുകൊണ്ട്.

ഞാൻ പതിവായി ഭജനകളിൽ പങ്കുകൊണ്ടിരുന്നു. രണ്ടു ദിവസം കഴിഞ്ഞ്, എന്റെ രണ്ടു സുഹൃത്തുക്കൾക്കൊപ്പം-അവരിരുവരും പൂക്കച്ചവടക്കാരാണ്-ഞാൻ ദർശനത്തിനായി പോയി. ഭജന എന്നെയും മറ്റുള്ളവരെയും ആകർഷിച്ചു. അക്കാലത്ത് ആൾക്കൂട്ടം കൂടിക്കൂ ടി വന്നു. ബാബ സ്വയം പാടുകയും ആരതി എടുക്കുകയും ചെയ്തിരുന്നു.

പിന്നീട് ഞങ്ങൾ 5 പേർ പുട്ടപർത്തി സന്ദർശിച്ച് 2 ആഴ്ചക്കാലം അവിടെ തങ്ങുകയുണ്ടാ യി. ആ സന്ദർശനവേളയിൽ കല്ലു കെട്ടി, വയ്ക്കോൽ മേൽക്കൂരയുള്ള ഒരു കുടിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ മറ്റൊന്നുമുണ്ടായിരുന്നില്ല. ഭക്ഷണമോ പലഹാര ങ്ങളോ കുടിക്കാനോ ഒന്നുമില്ല! ഞങ്ങൾ തുറസ്സായ സ്ഥലത്ത് കുറച്ച് ചോറ് വേവിച്ചു, ഒരു വീട്ടിൽനിന്ന് കുറച്ച് തൈര് കൊണ്ടുവന്നു, അങ്ങനെ ഞങ്ങളുടെ പ്രാതലും ഉച്ചഭക്ഷ ണവും അത്താഴവും കഴിച്ചു.

അവിടെ ആരെയും വിശ്വസിക്കേണ്ടെന്ന് ബാബ ഞങ്ങൾക്ക് നിർദ്ദേശം തന്നിരുന്നു. ആരും കാൺകെ പണം പ്രദർശിപ്പിക്കരുതെന്ന് അവിടുന്ന് പറഞ്ഞു. ഒരു ദിവസം വൈകുന്നേരം 4.00 മണിക്കടുത്ത് ബാബ ഞങ്ങളെ ചിത്രാവതി നദീതീരത്തേക്ക് കൊണ്ടുപോയി. അവിടുന്ന് മണൽകൊണ്ട് കളിച്ചു, അതിൽനിന്ന് ഒരു മൈസൂർപാക്ക് പുറത്തെടുത്തു-പരിമളമുള്ളത്, എന്നിട്ടത് ഞങ്ങൾക്ക് തന്നു.

ഞങ്ങൾ പറഞ്ഞു, “സ്വാമീ! ഇതിന്റെ രുചി ബാംഗ്ലൂരിലെ ഗുണ്ടപ്പ ഹോട്ടലിലെ മൈസൂർപാക്കിന്റേതു പോലെ ഇരിക്കുന്നു!”




ബാബ പറഞ്ഞു, “അതെ, ഞാനിത് അവിടെനിന്ന് കൊണ്ടുവന്നതാണ്!”

ഞങ്ങളും മണലിൽ കൈയിട്ട് അവിടുന്ന് ചെയ്തതുപോലെ ചെയ്യാൻ ശ്രമിച്ചു.

എന്നിട്ട് ഞങ്ങൾ അവിടുന്നിനോട് പറഞ്ഞു, “സ്വാമീ, ഇതെന്താണ്? ഞങ്ങൾക്ക് ഒന്നും കിട്ടുന്നില്ലല്ലോ!”

ഞങ്ങൾക്ക് എങ്ങനെ കിട്ടാൻ! അവിടുന്നിന് എന്തും ചെയ്യാൻ പറ്റും, ആർക്കും അത് പറ്റില്ല!

മറ്റൊരു ദിവസം, അവിടുന്ന് ഞങ്ങളെ മലമുകളിലേക്ക് കൊണ്ടുപോയി, ഒരു പുളിമരത്തിൽ നിന്ന് മാമ്പഴം പറിച്ച് അത് ഞങ്ങൾക്ക് തന്നു. ഞങ്ങൾ എല്ലാ ചില്ലകളും പിടിച്ച് വലിച്ചുനോക്കി, സ്വയം ശ്രമിച്ചുനോക്കി, പക്ഷേ പ്രകൃതിയുടേതായി ഒന്നുംതന്നെ വന്നില്ല.

ഒരു ദിവസം, ഞങ്ങൾ ചോറുണ്ടാക്കി, പച്ചമുളകിനൊപ്പം അത് കഴിച്ചു. മറ്റൊരു ദിവസം, ഞങ്ങൾ തക്കാളിരസം ഉണ്ടാക്കി, അത് ബാബയ്ക്ക് വളരെ ഇഷ്ടമായി, പിന്നീട് അവിടുന്ന് അതിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി.

നമുക്ക് പിന്നീട് കാണാം. ഈ വേളയിൽ സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)